**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2254** **30-09-2025-ൽ മറുപടിയ്ക്ക്**

**കുഴഞ്ഞുവീണുള്ള മരണം തടയാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ചെറുപ്പക്കാരുൾപ്പെടെയുള്ളവരുടെ കുഴഞ്ഞുവീണുള്ള മരണം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ മരണം സംഭവിക്കുന്നതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** പ്രായഭേദമെന്യേ മനുഷ്യർ കുഴഞ്ഞ് വീണ് മരിക്കുന്ന സംഭവങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മധ്യവയസ്കരിലും യുവാക്കളിലും ഹൃദയസ്തംഭനവും കുഴഞ്ഞുവീണുള്ള മരണവും ഉണ്ടായതായി ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുള്ള പഠനങ്ങൾ സൂചിപ്പിക്കുന്നു. എന്നാൽ ഐ.സി.എം.ആർ ഉം, ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസും സംയുക്തമായി നടത്തിയ പഠനങ്ങളിലെല്ലാം തന്നെ കോവിഡും ആകസ്മിക മരണങ്ങളുമായി ബന്ധമില്ലായെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. കോവിഡാനന്തര കാലഘട്ടത്തിൽ ആരോഗ്യ സംബന്ധമായ വിവരങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം വർദ്ധിച്ചതും, മരണങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ജനശ്രദ്ധ വർദ്ധിച്ചതുമാണ് ഇത്തരം മരണങ്ങൾ കൂടുതലായി ശ്രദ്ധിക്കപ്പെടുന്നത്.

ജീവിതശൈലീ രോഗം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഇത്തരം രോഗങ്ങളുടെ സങ്കീർണ്ണമായ അവസ്ഥയിൽ കുഴഞ്ഞുവീണ മരണങ്ങൾ സംഭവിക്കുന്നതിനുള്ള സാധ്യത വളരെ കൂടുതലായതിനാൽ ഇത്തരം സാഹചര്യം അവലോകനം നടത്തുകയും ജീവിതശൈലി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി NCD ക്ലിനിക്കുകൾ എല്ലാ ആശുപത്രികളിലും സ്ഥാപിക്കുകവഴി ജീവിതശൈലീ രോഗബാധയുള്ളവർക്കുള്ള സ്ക്രീനിംഗ്, രോഗനിർണ്ണയം, ചികിത്സ എന്നിവ ശക്തിപ്പെടുത്തിയിട്ടുണ്ട്.

**(ബി)** 2024-വർഷത്തിൽ സംസ്ഥാനത്ത് കുഴഞ്ഞുവീണ് മരിച്ചവരുടെ പ്രായപരിധിയും മരണപ്പെട്ടവരുടെ എണ്ണവും അറിയിക്കാമോ;

**<u>മറുപടി:</u>** 2024-വർഷത്തിൽ സംസ്ഥാനത്ത് കുഴഞ്ഞുവീണ് മരിച്ചവരുടെ എണ്ണം ലഭ്യമല്ല.

**(സി)** കുഴഞ്ഞുവീണുള്ള മരണം തടയുന്നത് സംബന്ധിച്ച് ആരോഗ്യ കേന്ദ്രങ്ങൾ വഴി ജനങ്ങൾക്ക് പ്രത്യേക നിർദ്ദേശങ്ങൾ നൽകാമോ;

**<u>മറുപടി:</u>** ആകസ്മിക മരണങ്ങൾ പലപ്പോഴും ഉണ്ടാകുന്നത് കാർഡിയോ പൾമണറി അറസ്റ്റ് അഥവാ ഹൃദയസ്തംഭനം മൂലമാണ്. ഇങ്ങനെ കുഴഞ്ഞു വീഴുന്ന വ്യക്തികളെ തിരിച്ചു ജീവിതത്തിലേക്ക്

കൊണ്ടുവരാൻ പ്രാപ്തമാക്കുന്ന ഒരു പ്രക്രിയയാണ് Cardio Pulmonary Resuscitation (CPR). സി.പി.ആർ പരിശീലനം സാർവത്രികമാക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു.

**(ഡി)** ഹൃദയസ്തംഭനം, സ്ട്രോക്ക് എന്നിവ തടയുന്നതിനായുള്ള ഏതൊക്കെ ശാരീരിക പരിശോധനകൾ സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ആരോഗ്യ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സ്ട്രോക്ക് അഥവാ പക്ഷാഘാതം ചികിത്സിക്കുന്നതിനുള്ള കേന്ദ്രങ്ങൾ 12 ജില്ലാ ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിലൂടെ സ്ട്രോക്ക് ത്രോംബോലൈസിസ് ഉൾപ്പെടെയുള്ള ചികിത്സ സൗജന്യമായി നൽകി വരുന്നുണ്ട്. ഹൃദയസ്തംഭനം ചികിത്സിക്കുന്നതിനും രോഗികളെ പുനരുജ്ജീവിപ്പിക്കുന്നതിനും എല്ലാ ആശുപത്രികളിലും പ്രത്യേക സംവിധാനങ്ങൾ നിലവിലുണ്ട്. ഇതിനു പുറമേ ഹൃദയാഘാതം സംഭവിക്കുന്ന ജനങ്ങൾക്ക് അത്യാധുനിക ചികിത്സ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ 13 ജില്ലകളിൽ കാത്ത് ലാബ് സജ്ജമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള യു.എച്ച്.ടി.സി, ആർ.എച്ച്.ടി.സി എന്നിവ വഴി ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി, 30 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ ഉയരം, ഭാരം എന്നിവ കണ്ടെത്തി BMI കണക്കാക്കുകയും ബി.പി, ഷുഗർ പരിശോധന നടത്തുകയും ചെയ്യുന്നു. രോഗം സംശയിക്കപ്പെടുന്ന വ്യക്തികളെ ആരോഗ്യ കേന്ദ്രത്തിലേക്കയച്ച് വിദഗ്ധ സേവനം നൽകി വരുന്നു. ഇതിനായി ആരോഗ്യ ഉപകേന്ദ്രങ്ങളിൽ നിശ്ചിത ദിവസങ്ങളിലും ആരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ ദിവസവും ജീവിതശൈലി ചികിത്സാ ക്ലിനിക്കുകൾ നടത്തി വരുന്നു. കൂടാതെ ജീവിതശൈലി രോഗ ക്ലിനിക്കുകളിൽ ആവശ്യമായ ബോധവത്ക്കരണം നൽകി വരുന്നു. രോഗികൾ പാലിക്കേണ്ട ആഹാരശീലങ്ങൾ വ്യായാമശീലങ്ങൾ എന്നിവയെക്കുറിച്ചും ബോധവത്ക്കരണം നൽകിയിരുന്നു. കൂടാതെ ഓരോ മാസത്തിലും കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡ് തലത്തിലും NCD ക്ലിനിക്കുകൾ നടത്തി വരുന്നുണ്ട്. ആശാവർക്കർമാരുടെ നേതൃത്വത്തിൽ ഭവനസന്ദർശനം നടത്തി "ശൈലി" എന്ന ആപ്ലിക്കേഷൻ വഴി, ചോദ്യാവലിയുടെ സഹായത്തോടെ ജീവിതശൈലിരോഗ സാധ്യതയുള്ളവരെ കണ്ടെത്തി ആശുപത്രിയിൽ പരിശോധനയും ചികിത്സയും നടത്തുന്നതിനായി നിർദ്ദേശം നൽകുന്നു. ജീവിതശൈലീ രോഗങ്ങൾ മൂലമുണ്ടാകുന്ന സങ്കീർണ്ണതകളെപ്പറ്റിയും ബോധവത്കരണം നടത്തുന്നുണ്ട്. പ്രമേഹം, രക്തസമ്മർദ്ദം എന്നിവ കൊണ്ടുണ്ടാകുന്ന കണ്ണുകളെയും, നാഡികളെയും ബാധിക്കുന്ന സങ്കീർണ്ണതകൾ നേരത്തേ കണ്ടെത്താനും തടയാനുമുള്ള പരിശോധനകൾ ആശുപത്രികളിൽ ക്രമീകരിച്ച് നടത്തി വരുന്നു. പ്രമേഹം, രക്തസമ്മർദ്ദം എന്നിവ കാരണമുണ്ടാകുന്ന വൃക്കരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനുള്ള രക്തപരിശോധനയും ഹെൽത്ത് ചെക്കപ്പുകളും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ നടത്തി വരുന്നു.

**(ഇ)** ജങ്ക് ഭക്ഷണങ്ങൾക്ക് പകരം സ്കൂളുകളിലും കോളജുകളിലും അവയുടെ പരിസരങ്ങളിലും ആരോഗ്യകരമായ ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള നിർദേശങ്ങൾ ആരോഗ്യ വകുപ്പ് വഴി നൽകുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ആരോഗ്യപരമായ ഭക്ഷണരീതി കുട്ടികളിൽ വളർത്തുന്നതിന് ആവശ്യമായ ആരോഗ്യ ബോധവൽക്കരണം ആരോഗ്യ വകുപ്പ് നൽകി വരുന്നുണ്ട്. സ്കൂൾ കാന്റീനുകളിലും സ്കൂൾ പരിസരങ്ങളിലും ജങ്ക് ഫുഡുകൾ പോലുള്ള അനാരോഗ്യകരമായ ഭക്ഷണങ്ങൾ നിയന്ത്രിക്കുന്നതിനും ആരോഗ്യ വകുപ്പ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്.

ഭക്ഷ്യസുരക്ഷാ വകുപ്പ് സ്കൂൾ, കോളേജ് എന്നിവ കേന്ദ്രീകരിച്ച് Eat Right School, Eat Right Campus, Safe and Nutritious Food @ school എന്നീ പദ്ധതികൾ വർഷം തോറും നടത്തി വരുന്നു. മേൽ പദ്ധതികൾ പ്രധാനമായും സ്കൂൾ, കോളേജ് വിദ്യാർഥികൾക്ക് സുരക്ഷിത ആഹാരം, പോഷകാഹാരം, ജങ്ക് ഫുഡുകളുടെ ഉപയോഗം കുറയ്ക്കുക, അമിതവണ്ണം ഒഴിവാക്കുക എന്നീ ലക്ഷ്യത്തോടുകൂടിയാണ് നടപ്പിലാക്കുന്നത്. ഇവ കൂടാതെ സ്കൂൾ പരിസരപ്രദേശങ്ങളിലെ Ice cream, sip up വിൽപ്പന കേന്ദ്രങ്ങൾ, cake, biscuit മറ്റ് ജങ്ക് ഫുഡ് വസ്തുക്കൾ വിൽപ്പന നടത്തുന്ന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പ്രത്യേകം പരിശോധനകൾ നടത്തിവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**